LIBRARY ARCHIVES Kerala Legislative Assembly

ആഗോള നിക്ഷേപക സമ്മേളനത്തിൽ രൂപം നൽകിയ പദ്ധതികൾ

*7 [97] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനസർക്കാർ കൊച്ചിയിൽ സംഘടിപ്പിച്ച ആഗോള നിക്ഷേപക സമ്മേളനത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അവയിൽ എത്ര പദ്ധതികളുടെ പ്രവർത്തനങ്ങൾ ഇനി ആരംഭിക്കാനുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) കൊച്ചിയിൽ സംഘടിപ്പിച്ച ആഗോള നിക്ഷേപക സമ്മേളനത്തിൽ രൂപം നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു. †

(ബി) ജില്ലയിൽ ഒപ്പുവച്ച പദ്ധതികളെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് അനുബന്ധം II ആയി ചേർക്കുന്നു. ††

തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നടപടി

*8 [98] ശ്രീ. വി. ചെന്താമരാക്ഷൻ:
,, എ. സി. മൊയ്തീൻ:
,, രാജു എബ്രഹാം:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഏതെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്;

(സി) ഇതിൽ ഏതെല്ലാം പദ്ധതികൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്;

---

† അനുബന്ധം II(എ) കാണുക
†† അനുബന്ധം II(ബി) കാണുക

(ഡി) ഇതിന്റെ ഫലമായി പുതുതായി എത്രപേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകളിലും എന്തു തുക വീതം നീക്കിവച്ചു എന്നും ഇതിൽ എന്തു തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ, ബി, സി) തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണുവാൻവേണ്ടി കൂടുതൽ തൊഴിൽ അവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുവാൻ പര്യാപ്തമായ നൂതന തൊഴിൽ വ്യവസായ നയങ്ങൾക്ക് ഈ സർക്കാർ രൂപം നൽകിയിട്ടുണ്ട്. കൂടുതൽ നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുവാൻവേണ്ടി ഈ നയങ്ങൾക്ക് അനുസൃതമായി കാര്യപരിപാടികൾ ആവിഷ്ക്കരിച്ച് സർക്കാർ മുന്നോട്ട് നീങ്ങുകയാണ്.

കൂടാതെ മറ്റ് തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുവാൻവേണ്ടി സർക്കാർ വ്യവസായം, കൃഷി, ഗ്രാമവികസനം എന്നീ മേഖലകളിൽ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കുടുംബശ്രീ മുതലായ സംരംഭങ്ങൾവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോടൊപ്പം എംപ്ലോയ്മെന്റ് വകുപ്പ് നടത്തിവരുന്ന സ്വയംതൊഴിൽ പദ്ധതിയായ 'കെസ്റു' (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ രജിസ്ട്രേഡ് അൺ എംപ്ലോയ്ഡ്) കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻവേണ്ടി നവീകരിക്കുന്നതാണ്.

(ഡി) കഴിഞ്ഞ മൂന്നുവർഷത്തെ പ്രയത്നഫലമായി പൊതുമേഖലയിലും സ്വകാര്യ മേഖലയിലും എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്ന് കൃത്യമായി നിജപ്പെടുത്തിയിട്ടില്ല.

(ഇ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്വയം തൊഴിൽ പദ്ധതിക്കായി (കെസ്റു) 2002-2003 സാമ്പത്തിക വർഷത്തിൽ 99 ലക്ഷം രൂപയും 2003-2004 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയും 2004-2005 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. അതിൽ 'കെസ്റു' പദ്ധതി പ്രകാരം വായ്പ ലഭിച്ച ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനായി 2002-2003-ൽ 29,59,470 രൂപയും 2003-2004-ൽ 23,33,939 രൂപയും ചെലവഴിച്ചു. 2004-2005-ൽ സബ്സിഡി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്ന തൊഴിലുടമകളിൽ നിന്നും അവരെ മോചിപ്പിക്കുന്നതിന് നടപടി

*9 [99] ശ്രീ. കളത്തിൽ അബ്ദുള്ള:
" സി. ടി. അഹമ്മദ് അലി:
" യു. സി. രാമൻ:
" പി. കെ. കെ. ബാവ:
" കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാല് വയസ്സിനുതാഴെയുള്ള കുട്ടികളെക്കൊണ്ട് നിർബന്ധിച്ചു പണിയെടുപ്പിക്കുകയും ചൂഷണം നടത്തുകയും ചെയ്യുന്ന തൊഴിലുടമകളിൽ നിന്നും അവരെ മോചിപ്പിക്കാൻ എന്തെല്ലാം നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly